"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനംവന്യജീവി വകുപ്പ്-സർവ്വീസിലിരിക്കെ അന്തരിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. കെ ആർ. രമേശ് ബാബു വിന്റെ പേരിലുള്ള ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി(എഫ്) വകുപ്പ്

**സ.ഉ.(സാധാ) നം.101/2021/വനം** തീയതി,തിരുവനന്തപുരം, 25/03/2021

---

പരാമർശം:- ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 26.08.2019, 6.11.2019 തീയതികളിലെ ലെ KFDHQ/3066/2019-ADMIN/H4 നം.കത്തും, അനുബന്ധവും.

<u>ഉത്തരവ്</u>

വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കേ 21.05.2016 ൽ മരണമടഞ്ഞ ശ്രീ. കെ.ആർ. രമേശ് ബാബുവിന് അനുവദിച്ചിരുന്ന 7,31000/- രൂപയുടെ ഭവന നിർമ്മാണ വായ്പയിൽ തിരിച്ചടവിനത്തിൽ തിരികെപിടിച്ചിട്ടുള്ള 3,01,000/- രൂപ കഴിച്ച് ശേഷിക്കുന്ന തുകയും പലിശയുമടക്കം എഴുതിത്തള്ളുന്നതിന് അനുമതി നൽകുന്നതിനായി, ടിയാന്റെ ഭാര്യ ശ്രീമതി പ്രമീള ആ ർ സമർപ്പിച്ച അപേക്ഷ, പരാമർശിത കത്ത് പ്രകാരം, ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കേ 21.05.2016 ൽ മരണമടഞ്ഞ ശ്രീ. കെ.ആർ. രമേശ് ബാബുവിന്റെ പേരിലുള്ള ഭവന നിർമ്മാണ വായ്പയിലെ ആകെ ബാദ്ധ്യതയായ 6,00,280/- രൂപയിൽ, പലിശയിനത്തിലെ ബാധ്യതയായ 1,70,280/-രൂപ (ഒരു ലക്ഷത്തി എഴുപതിനായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം ) ഒഴിവാക്കുന്നതിനും, മുതലിനത്തിലെ ബാധ്യതയായ 4,30,000/- രൂപയിൽ 3,29,720 /-രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത് രൂപ മാത്രം) 2075-00-795-98-HBA write off(N/V)" എന്ന ശീർഷകത്തിൽ ചെലവും 7610-00-201-98-HBA-State Service Officers(N/V)" എന്ന ശീർഷകത്തിൽ വരവും കാണിച്ച എഴുതിത്തള്ളുന്നതിനും, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി വായ്പാതുകയിലെ മുതലിനത്തിൽ അടവാക്കുവാൻ ബാക്കിയുള്ള 1,00,280/-രൂപ ടിയാന്റെ ഡി.സി.ആർ.ജി.- യിൽ നിന്നും ഈടാക്കേണ്ടതാണ്. ഡി.സി.ആർ.ജി. തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ടിയാന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കുവാനായി ആവശ്യമായ നടപടി ഭരണവിഭാഗം ഉപമുഖ്യവനപാലകൻ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SAJEEVAN M K

**അണ്ടർ സെക്രട്ടറി**

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

ശ്രീമതി. പ്രമീള.ആർ,(ഭരണവിഭാഗം ഉപമുഖ്യവനപാലകൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

വെബ്& ന്യൂ മീഡിയ.
ധനകാര്യ വകുപ്പ്( നം1299385/എച്ച്.ബി.എ-1/2019/ധന തീയതി 26/02/2021 പ്രകാരം).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NOUSHAD S
Date: 2021.03.25 17:03:13 IST
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ് -വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.